8. മുടാടി പഞ്ചായത്തിലെ മൊയിലൂർക്കുന്ന് ദാനഗ്രാം ഐ.എച്ച്.ഡി.പി. കോളനി.
9. മുടാടി പഞ്ചായത്തിലെ ഗോപാലപുരം കോളനി.
10. പയ്യോളി പഞ്ചായത്തിലെ കോടക്കുന്ന് കോളനി.
11. പയ്യോളി പഞ്ചായത്തിലെ മുറഞ്ഞേരിക്കടവ് കോളനി.
12. തിക്കോടി പഞ്ചായത്തിലെ കിടാത്തിക്കുന്ന് കോളനി.
13. കീഴരിയൂർ പഞ്ചായത്തിലെ സമ്പത്തുകര കോളനി.
14. കീഴരിയൂർ പഞ്ചായത്തിലെ മങ്ങാടിമ്മർ ഐ.എച്ച്.ഡി.പി. കോളനി
15. കൊയിലാണ്ടി പഞ്ചായത്തിലെ കോതമംഗലം കോളനി.

(ബി) പ്രസ്തുത പദ്ധതികളെല്ലാം തന്നെ ആരംഭിച്ചു കഴിഞ്ഞു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

17 (926) പൈതോത്ത്-പുലിക്കോട് മിത്തർ കോളനിയിലെ ആവശ്യങ്ങൾ

ശ്രീമതി എൻ.കെ. രാധ: താഴെ കാണുന്ന ചോദ്യത്തിനു പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാംപ്ര നിയോജകമണ്ഡലത്തിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡ് പൈതോത്ത് പുലിക്കോട് മിത്തർ 4 സെന്റ് കോളനിയിലെ 18-ഓളം കുടുംബങ്ങൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവൺമെന്റിന് നൽകിയ നിവേദനത്തിന്മേൽ (ഫയൽ നമ്പർ : 435/സി.ഐ.പി/എസ്.സി/എസ്.ടി.10-10-1999) എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിവേദനം കോഴിക്കോട് ജില്ലാ കളക്ടർക്ക് മേൽ നടപടിക്കായി അയച്ചുകൊടുത്തിരിക്കുകയാണ്.

18 (927) വ്യാജജാതി സർട്ടിഫിക്കറ്റ് ഉപയോഗിക്കുന്നതായി പരാതി

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക പിന്നോക്ക- സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ചും പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ അവസരങ്ങൾ തട്ടിയെടുത്ത് ഉദ്യോഗം/പ്രൊഫഷണൽ കോഴ്സുകൾ എന്നിവ നേടിയ എത്ര കേസുകൾ നിലവിലുണ്ട്;

(ബി) ഈ കേസുകൾ ഏതു കാലത്ത് കണ്ടുപിടിക്കപ്പെട്ടവയാണ്. ഇവയിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇപ്രകാരം അവസരങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനുള്ള ബിൽ 9-ാം കേരള നിയമസഭ പാസ്സാക്കിയതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ ഈ ബില്ലിന് കേന്ദ്ര അനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly